# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7963 16.07.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്,<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു -മന്ത്രി |

## വിവിധ നികുതിയിനങ്ങളിലായി സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടാനുള്ള തുക

| | | |
|---|---|---|
| (എ) | വിൽപന നികുതി, എക്സൈസ് നികുതി, വൈദ്യുതി ഡ്യൂട്ടി എന്നിങ്ങനെ വിവിധ ഇനങ്ങളിലായി എന്തു തുക സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ വിൽപന നികുതി, എക്സൈസ് നികുതി, വൈദ്യുതി ഡ്യൂട്ടി എന്നിയിനങ്ങളിൽ പിരിഞ്ഞു കിട്ടാനുള്ള തുകകൾ താഴെപ്പറയും പ്രകാരമാണ്.<br>(തുക കോടിയിൽ)<br>വിൽപന നികുതി - 6565.84<br>എക്സൈസ് നികുതി - 236.71<br>വൈദ്യുതി ഡ്യൂട്ടി - 3653.60 |
| (ബി) | ഇത്തരത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാനുള്ള ഉന്നത തല സമിതിയുടെ ശുപാർശയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | നികുതി കുടിശ്ശികകൾ പിരിക്കുന്നതുൾപ്പെടെയുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മറ്റിയുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| (സി) | വരുമാനം വർദ്ധിപ്പിക്കുന്നതിലെ വീഴ്ച കാരണം മാസം എത്ര കോടിയുടെ കുറവ് സംസ്ഥാനത്ത് ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | മുൻ സാമ്പത്തിക വർഷത്തെ സമാന കാലയളവിലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പ് സാമ്പത്തിക വർഷം ഇതുവരെ ലഭിച്ച മൊത്തം റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ രാജ്യത്താകമാനം നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ഡി) | ബജറ്റിൽ എത്ര കോടിയുടെ റവന്യൂകമ്മിയാണ് പ്രതീക്ഷിച്ചിരുന്നത്; 2013-14 വർഷം അവസാനിച്ചപ്പോൾ കമ്മി എത്ര കോടിയായി ഉയർന്നുവെന്ന് വ്യക്തമാക്കാമോ? | 2013-14 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂകമ്മി 6208.35 കോടി രൂപയായിരുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ റവന്യൂ കമ്മി 10298.31 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ